# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 979 03.12.2014 ൽ മറുപടിയ്ക്ക്

## എസ്.സി. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകൾ

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
|---|---|
| എ) എസ്.സി. വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഐ.ടി.ഐകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | എ)44 ഐ.ടി.ഐകൾ പ്രവർത്തിക്കുന്നുണ്ട്.<br>തിരുവനന്തപുരം -- 9<br>കൊല്ലം -- 3<br>പത്തനംതിട്ട -- 2<br>ആലപ്പുഴ -- 2<br>കോട്ടയം -- 4<br>എറണാകുളം -- 1<br>തൃശ്ശൂർ -- 9<br>പാലക്കാട് -- 3<br>മലപ്പുറം -- 4<br>കോഴിക്കോട് -- 3<br>കണ്ണൂർ -- 1<br>കാസറഗോഡ് -- 3 |
| ബി) നിലവിൽ ഈ സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് എൻ.സി.വി.റ്റി. നൽകുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കാറുണ്ടോ; | ബി) 44 ഐ.ടി.ഐകളിൽ തൃശ്ശൂർ ജില്ലയിലെ വരവൂർ, കാസറഗോഡ് ജില്ലയിലെ ബേള, കോഴിക്കോട് ജില്ലയിലെ തൂണേരി എന്നീ 3 ഐ.ടി.ഐകൾ ഒഴികെ ബാക്കി 41 ഐ.ടി.ഐകളിൽ നിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നു. |
| സി) ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ നിലവിൽ ഈ സ്ഥാപനങ്ങളിലുണ്ടോ; | സി) ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ ഉള്ള ഐ.ടി.ഐകൾക്കും കോഴ്സുകൾക്കുമാണ് എൻ.സി.വി.റ്റി അംഗീകാരം ലഭിക്കുന്നത്. നിലവിലുള്ള 44 ഐ.ടി.ഐകളിൽ 41 ഐ.ടി.ഐകളിലും പരിശീലിപ്പിക്കുന്ന മുഴുവൻ കോഴ്സുകൾക്കും എൻ.സി.വി.റ്റി അംഗീകാരം ഉണ്ട്. പ്രസ്തുത ഐ.ടി.ഐകളിൽ ഓരോ ട്രേഡിനും നിഷ്കർഷിക്കുന്ന വിസ്തീർണ്ണത്തിലുള്ള പ്രത്യേകം പ്രാക്ടിക്കൽ ഹാളുകൾ കൂടാതെ തിയറി ക്ലാസ് റൂം, ആഫീസ് റൂം, |

| | |
|---|---|
| | ഓരോ ട്രേഡിനും പരിശീലനത്തിനാവശ്യത്തിനുള്ള പഠനോപകരണങ്ങൾ ഫർണിച്ചറുകൾ കമ്പ്യൂട്ടർ ലാബുകൾ എന്നിവ വകുപ്പിന്റെ എല്ലാ ഐ.ടി.ഐകളിലും സജ്ജീകരിച്ചിട്ടുണ്ട്. വിവിധ കാലഘട്ടത്തിൽ പുതുതായി ഡി.ജി.ഇ & ടി ആവശ്യപ്പെടുന്ന മുഴുവൻ സൗകര്യങ്ങളും ഐ.ടി.ഐകളിൽ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) രണ്ട് ട്രേഡ് ഉള്ള സ്ഥാപനങ്ങളിൽ ഡി.ജി.ഇ.റ്റി നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ, തസ്തികകളുടെ എണ്ണം എന്നിവ എപ്രകാരമാണ്; പ്രസ്തുത സൗകര്യങ്ങൾ ഉള്ള എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്; അവയുടെ വിശദാംശങ്ങൾ നൽകുമോ; | ഡി) രണ്ട് ട്രേഡുള്ള സ്ഥാപനങ്ങൾക്കായി ഡി.ജി.ഇ & ടി പ്രത്യേക സൗകര്യങ്ങൾ നിഷ്കർഷിക്കുന്നില്ല. ഡി.ജി.ഇ.&റ്റി നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ ഉള്ള ഐ.ടി.ഐ.കൾക്കും കോഴ്സുകൾക്കുമാണ് എൻ.സി.വി.റ്റി അംഗീകാരം ലഭിക്കുന്നത്. നിലവിലുള്ള 44 ഐ.ടി.ഐകളിൽ 41 ഐ.ടി.ഐകളിലും പരിശീലിപ്പിക്കുന്ന മുഴുവൻ കോഴ്സുകൾക്കും എൻ.സി.വി.റ്റി അംഗീകാരം ഉണ്ട്. പ്രസ്തുത ഐ.ടി.ഐകളിൽ ഓരോ ട്രേഡിനും നിഷ്കർഷിക്കുന്ന വിസ്തീർണ്ണത്തിലുള്ള പ്രത്യേകം പ്രാക്ടിക്കൽ ഹാളുകൾ കൂടാതെ തിയറി ക്ലാസ് റൂം, ആഫീസ് റൂം, ഓരോ ട്രേഡിനും പരിശീലനത്തിനാവശ്യത്തിനുള്ള പഠനോപകരണങ്ങൾ ഫർണിച്ചറുകൾ കമ്പ്യൂട്ടർ ലാബുകൾ എന്നിവ വകുപ്പിന്റെ എല്ലാ ഐ.ടി.ഐകളിലും സജ്ജീകരിച്ചിട്ടുണ്ട്. വിവിധ കാലഘട്ടത്തിൽ പുതുതായി ഡി.ജി.ഇ & ടി ആവശ്യപ്പെടുന്ന മുഴുവൻ സൗകര്യങ്ങളും ഐ.ടി.ഐകളിൽ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>പരിശീലിപ്പിക്കേണ്ട ട്രെയിനികളുടെയും ബാച്ചുകളുടെയും അടിസ്ഥാനത്തിലാണ് അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച് ഡി.ജി.ഇ. & ടി നോംസ് ഉള്ളത്. എന്നാൽ പൊതുവായി നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത് സ്ഥാപനമേധാവിയായ ഒരു പ്രിൻസിപ്പാൾ/ട്രെയിനിംഗ് സൂപ്രണ്ട്, ഓരോ ട്രേഡിനും ആവശ്യമായ ട്രെയിനിംഗ് ഇൻസ്ട്രക്ടർമാർ Arithmetic Calculation & Drawing Instructor, Employability Skill Instructor, 50 തിൽ അധികം കുട്ടികൾ പഠിക്കുന്ന ഐ.ടി.ഐയിൽ ഒരു ക്ലർക്ക് എന്നിങ്ങനെയാണ്. ഇവയിൽ ക്ലർക്ക് തസ്തിക ഐ.ടി.ഐയിൽ ഇല്ല.<br><br>നിലവിൽ വകുപ്പിന്റെ ഐ.ടി.ഐകളിലെ തസ്തികകൾ ഇപ്രകാരമാണ്. |

| | |
|---|---|
| | ട്രെയിനിംഗ് സൂപ്രണ്ട് (സ്ഥാപന തലവൻ) - 1<br>ട്രേഡ് ഇൻസ്ട്രക്ടർമാർ -- ഒരു ട്രേഡിലെ ഒരു യൂണിറ്റിന് ഒരാൾ വീതം<br>സ്വീപ്പർ കം വാച്ച്മാൻ -- 1<br>ആഫീസ് അറ്റന്റന്റ് -- 1 എന്നീ സ്ഥിരം തസ്തികകളും<br>എ.സി.ഡി ഇൻസ്ട്രക്ടർ (ഗസ്റ്റ്) -1<br>ഐ.റ്റി. ലിറ്ററസി ഇൻസ്ട്രക്ടർ - 1<br>(ഗസ്റ്റ് ഒരു മാസം)<br>എംപ്ലോയബിലിറ്റി ഇൻസ്ട്രക്ടർ - 1<br>(ഗസ്റ്റ് ഒരു മാസം)<br>എന്നിവയ്ക്ക് പുറമേ വർക്ക്ഷോപ്പ് അറ്റൻഡറായി ഒരു അപ്രന്റീസ് ട്രെയിനിയും നിലവിലുണ്ട്. |
| ഇ) എസ്. സി. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ കളിൽ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിച്ച് എൻ.സി.വി.റ്റി.യുടെ അംഗീകാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | ഇ) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ